## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

**CLASS 6 (COMPETITIVEEXAM 2025)**

---

**1) താഴെപ്പറയുന്നവയിൽ തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**
**A) യേശു ലേവ്യ വംശത്തിൽ കന്യക മറിയാമിന്റെ മകനായി ജനിച്ചു.**
B) മുപ്പതാം വയസ്സിൽ യോഹന്നാൻ സ്നാപകനിൽ നിന്ന് മാമോദീസാ സ്വീകരിച്ചു.
C) യേശുവിന്റെ പരസ്യശുശ്രൂഷ മൂന്നര വർഷം നീണ്ടുനിന്നു.
D) കുരിശു മരണത്തിന് മുൻപായി വിശുദ്ധ കുർബാന യേശു സ്ഥാപിച്ചു.

**2) 'കൂദാശകളുടെ കൂദാശ', 'അമർത്യതയുടെ ഔഷധം' എന്നീ വിശേഷണങ്ങൾ ഏതു കാര്യത്തെ സംബന്ധിച്ചുള്ളതാണ്?**
**A) വിശുദ്ധ കുർബാന**
B) തൈലാഭിഷേകം
C) മൂറോൻ കൂദാശ
D) വാങ്ങിപ്പോയവർക്ക് വേണ്ടിയുള്ള പ്രാർഥന

**3) പീഡാനുഭവങ്ങളുടെ തീവ്രതയിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് യേശു ശക്തി സംഭരിച്ചത് എങ്ങനെ?**
**A) പ്രാർത്ഥനയിലൂടെ**
B) പരസ്യ ശുശ്രൂഷയിൽ ശ്രദ്ധിച്ചു
C) അത്ഭുതങ്ങൾ പ്രവർത്തിച്ചു
D) അടയാളങ്ങൾ കാണിച്ചു

**4) പ്രാർത്ഥനയെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) പ്രാർത്ഥനയുടെ ശക്തി താൽക്കാലികമാണ്**
B) വിശുദ്ധരുടെ ജീവിതത്തിൽ പ്രാർത്ഥന ആശ്രയമായിരുന്നു
C) പ്രാർത്ഥന ആത്മീയ ശക്തി പകരുന്നു
D) ഉണർന്നിരുന്ന് പ്രാർത്ഥിച്ചില്ലെങ്കിൽ പരീക്ഷകളിൽ വീണുപോകും

**5) "നീ ദൈവപുത്രനായ മശിഹായാകുന്നവോ?" എന്ന് യേശുവിനോട് ചോദിച്ചതാര്?**
**A) കയ്യാഫാവ്**
B) പീലാത്തോസ്
C) യൂദാ ഇസ്ക്കരിയോത്ത
D) ചുങ്കക്കാരൻ സക്കായി

**6) യേശുവിന്റെ മേൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ എന്തെല്ലാം?**
**i. രാജ്യദ്രോഹം**
**ii. ദൈവദൂഷണം**
**iii. കാരുണ്യ പ്രവർത്തികൾ**
**iv. അത്ഭുതങ്ങൾ**
**A) i, ii**
B) i, iv
C) i, iii, iv
D) ii, iii

**7) താഴെപ്പറയുന്നവയിൽ തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**
**A) പടയാളികൾ യേശുവിന്റെ ചുവപ്പ് കുപ്പായത്തിനു പകരം വെള്ളക്കുപ്പായം ധരിപ്പിച്ചു**
B) പടയാളികൾ യേശുവിനെ അടിക്കുകയും പരിഹസിക്കുകയും ചെയ്തു
C) യേശുവിനെ കുരിശിക്കുവാൻ പീലാത്തോസ് ഏൽപ്പിച്ചു കൊടുത്തു

D) കുറേനക്കാരൻ ശീമോൻ യേശുവിന്റെ കുരിശ് ചുമന്നു

**8) യേശു കുരിശിൽ വെച്ച് പറഞ്ഞ അവസാനത്തെ മൊഴി എന്താണ്?**
**A) പിതാവേ, ഞാനെന്റെ ആത്മാവിനെ തൃകൈയിൽ ഏൽപ്പിക്കുന്നു**
B) ഇന്നു നീ എന്നോടുകൂടെ പറുദീസായിൽ ഇരിക്കും
C) പിതാവേ, ഇവയെല്ലാം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു
D) പിതാവേ, സകലതും നിവൃത്തിയായിരിക്കുന്നു

**9) പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ സകല വാങ്ങിപോയവരുടെയും ഓർമ്മ ആചരിക്കുന്ന ദിവസം ഏതാണ്?**
**A) ദുഃഖ ശനിയാഴ്ച**
B) ദുഃഖ വെള്ളിയാഴ്ച
C) ഓശാന
D) പെസഹ

**10) യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ വേളയിൽ നമ്മുടെ ഉയിർത്തെഴുന്നേൽപ്പിന്റെയും നിത്യജീവന്റെയും അടിസ്ഥാനമായത് എന്താണ്?**
**A) യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്**
B) നമ്മുടെ സകല പാപങ്ങളുടെയും മോചനം
C) അനാഥരെയും രോഗികളെയും കരുതുകയും പരിചരിക്കുകയും ചെയ്യുന്നത്
D) പഴയനിയമ ബലികളും വിശുദ്ധ കുർബാനയും തമ്മിലുള്ള വ്യത്യാസം

**11) പത്തു കൽപ്പനകളിൽ ആദ്യത്തെ നാലെണ്ണത്തിൽ ഉൾപ്പെടാത്തത് ഏതാണ്?**
**A) സകലത്തിലും ദൈവത്തിന് ദശാംശം നൽകണം**
B) നിന്റെ ദൈവമായ യഹോവയെല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്
C) വിഗ്രഹം ഉണ്ടാക്കരുത്
D) നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്

**12) താഴെപ്പറയുന്നവയിൽ തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) പത്തു കൽപ്പനകൾക്ക് പുതിയ നിയമകാലത്തിൽ പ്രാധാന്യമില്ല**
B) പഴയനിയമത്തിലെ ന്യായപ്രമാണത്തിന്റെ അടിസ്ഥാനം പത്തുകല്പനകളാണ്
C) യേശുക്രിസ്തുവിലൂടെ ന്യായപ്രമാണത്തിന്റെ പുതുക്കവും പൂർണ്ണതയും ഉണ്ടായി
D) കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു

**13) പഴയ നിയമ യാഗങ്ങളുടെ പൂർത്തീകരണമായ സംഭവം ഏതാണ്?**
**A) യേശുക്രിസ്തുവിന്റെ കുരിശുമരണം**
B) യേശുക്രിസ്തുവിന്റെ മാമോദീസാ
C) യേശുക്രിസ്തുവിന്റെ കാരുണ്യ പ്രവൃത്തികൾ
D) അപ്പോസ്തോലിക സഭയുടെ ആരംഭം

**14) യഹൂദന്മാർക്ക് ശാബത് ദിവസവുമായി ബന്ധപ്പെട്ടിട്ടുള്ള നിഷ്ഠങ്ങളിൽ ഉൾപ്പെടാത്തത് തിരഞ്ഞെടുക്കുക.**
**A) ശാബത്തിൽ പെസഹാ ആചരിക്കണം**
B) യാതൊരു ലൗകിക ജോലികളും ചെയ്യരുത്
C) പ്രാർത്ഥനയ്ക്കായി സിനഗോഗിൽ പോകണം
D) തിരുവചന ധ്യാനത്തിനായി സിനഗോഗിൽ പോകണം

**15) മോശയുടെ നിര്യാണം രേഖപ്പെടുത്തിയിരിക്കുന്ന പഴയ നിയമ പുസ്തകം ഏതാണ്?**
**A) ആവർത്തനം**
B) പുറപ്പാട്

C) ഉല്പത്തി
D) ഇവയൊന്നുമല്ല

**16) എവിടെ നിന്നുള്ള 12 കല്ലെടുത്താണ് യോശുവ കരയിൽ സ്ഥാപിച്ചത്?**
**A) യോർദാൻ നദി**
B) മാറായിലെ പാറ
C) ചെങ്കടൽ
D) മന്ന ലഭിച്ച സ്ഥലം

**17) യെറീഹോ പട്ടണം തകർക്കപ്പെട്ട ശേഷം യിസ്രായേല്യർ നേരിട്ട പ്രതിസന്ധിക്കുള്ള കാരണം എന്താണ്?**
**A) ദൈവ കൽപ്പന ലംഘിച്ച് വിലയേറിയ വസ്തുക്കൾ ആഖാൻ സ്വന്തമാക്കി ഒളിപ്പിച്ചു**
B) പത്തു കല്പനകൾ രേഖപ്പെടുത്തിയ പലകകൾ തകർത്തു
C) ജനത്തിനു വേണ്ടി അഹറോൻ നിർമ്മിച്ച കാളക്കുട്ടി മൂലം ബാധയുണ്ടായി
D) മാറായിലെത്തിയ ജനത്തിന് ശുദ്ധജലം ലഭിച്ചില്ല

**18) യെറീഹോ പട്ടണം തകർക്കപ്പെട്ടതുമായി ബന്ധപ്പെട്ട് ശരിയായ പരാമർശം തിരഞ്ഞെടുക്കുക.**
**A) പുരോഹിതന്മാർ ഏഴു കാഹളവുമായി മുമ്പിൽ നടന്നു**
B) പുരോഹിതന്മാർ കാഹളം ഊതിയപ്പോൾ ജനം കുമ്പിട്ടു
C) പട്ടണത്തെ എല്ലാ ദിവസവും ഏഴു പ്രാവശ്യം വലം വച്ചു
D) ഏഴാം ദിവസം ഒരുതവണ ചുറ്റിയപ്പോൾ തന്നെ മതിൽ ഇടിഞ്ഞുവീണു

**19) ആരുടെ മക്കളെയാണ് ഗോത്ര പിതാക്കന്മാരായി കണക്കാക്കി അവർക്ക് മറ്റുള്ളവരെ പോലെ വാഗ്ദത്ത ദേശത്ത് വീതം നൽകിയത്?**
**A) യോസഫ്**
B) അഹറോൻ
C) യോശുവ
D) മോശ

**20) വാഗ്ദത്ത ദേശത്ത് സ്ഥിരതാമസം ഉറപ്പിച്ചപ്പോൾ ലേവ്യർക്കുള്ള ക്രമീകരണം എപ്രകാരമായിരുന്നു?**
**A) ലേവ്യ ഗോത്രത്തിന് കനാൻ ദേശത്ത് ഒരു അവകാശവും കൊടുത്തില്ല**
B) ലേവ്യ ഗോത്രത്തിന് കനാൻ ദേശം മുഴുവൻ അവകാശമായി നൽകി
C) പെട്ടകം സ്ഥാപിക്കുന്ന സ്ഥലത്ത് ലേവ്യ ഗോത്രത്തിന് അവകാശം നൽകി
D) ലേവ്യർ യുദ്ധത്തിലൂടെ പിടിച്ചടക്കുന്ന സ്ഥലത്ത് അവകാശം നൽകി

**21) 51-ാം സങ്കീർത്തനത്തിന്റെ പശ്ചാത്തലം എന്താണ്?**
**A) ദാവീദ് ചെയ്ത പാപത്തെക്കുറിച്ച് നാഥാൻ പ്രവാചകൻ വെളിപ്പെടുത്തി**
B) ദാവീദ് രാജാവ് മകൻ അബ്ശാലോമിനെ വധിച്ചു
C) ദാവീദ് രാജാവ് ശൗൽ രാജാവിനെ തോൽപ്പിച്ചു
D) ദാവീദ് രാജാവ് യെരുശലേം ദേവാലയം നിർമ്മിക്കുന്നതിന് മടിച്ചു

**22) സങ്കീർത്തന ഭാഗം പൂർത്തീകരിക്കുക.**
**"എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല; ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻറെ ബലി ........... . ദൈവം ........ നിരസിക്കുന്നില്ല."**
**A) താഴ്മയുള്ള ആത്മാവാകുന്നു, നുറുങ്ങിയ ഹൃദയം**
B) മഹത്വമുള്ള ആത്മാവാകുന്നു, പാപികളെ
C) നീതിയുള്ള ആത്മാവാകുന്നു, വിശുദ്ധന്മാരെ
D) മഹത്വമുള്ള ആത്മാവാകുന്നു, വിശുദ്ധന്മാരെ

**23) വേട്ടക്കാരന്റെ കെണി, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനം, സർപ്പം, അണലി, രാത്രിയിലെ ഭയം എന്നിവയിൽ നിന്നും ദൈവഭക്തൻ രക്ഷിക്കപ്പെടും എന്ന് പരാമർശിക്കുന്ന സങ്കീർത്തനം ഏതാണ്?**

<u>**A) 91**</u>
B) 115
C) 119
D) 108

**24) 91-ാം സങ്കീർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഭക്തന്റെ എല്ലാ വഴികളിലും അവനെ സംരക്ഷിക്കുന്നതിന് ദൈവം ആരോടാണ് കൽപ്പിക്കുന്നത്?**

<u>**A) മാലാഖമാർ**</u>
B) വിശുദ്ധന്മാർ
C) പ്രവാചകന്മാർ
D) യഹൂദന്മാർ

**25) 121-ാം സങ്കീർത്തനത്തിൽ പരാമർശിക്കുന്ന ആശയങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**

<u>**A) സൃഷ്ടാവായ ദൈവം പാപികളുടെ നാശത്തിന് ആഗ്രഹിക്കുന്നു**</u>
B) ദൈവം ഭക്തനെ പരിപാലിക്കുകയും കാക്കുകയും ചെയ്യുന്നു
C) ദൈവം രാത്രിയിലും പകലിലും ഭക്തനെ വഴി നടത്തും
D) ദൈവം ഒരു ദോഷവും തട്ടാതെ ഭക്തന്റെ ജീവിതത്തെ പരിപാലിക്കും

**26) വിശുദ്ധ കുർബാനയിലെ ഖണ്ഡിപ്പിന്റെ സന്ദർഭത്തിൽ പാടുന്ന പാട്ടുകൾ ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.**

<u>**A) അൻപുടയോനേ നിൻ വാതിൽ ...**</u>
B) യാചിക്കേണ്ടും സമയമിതാ ...
C) അഗ്നിമയന്മാർ ആരെ ...
D) നാഥാ നിൻമൃതി ഓർത്തെങ്ങൾ...

**27) "ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ". ഇത് ആരുടെ വാക്കുകളാണ്?**

<u>**A) യെശയ്യാവ്**</u>
B) ഏലിയാവ്
C) യിരമ്യാവ്
D) ദാവീദ്

**28) "ശാശ്വത രാജ്യേ സ്വർഗ്ഗത്തിൽ - നീതിജ്ഞമാർ സിദ്ധന്മാർ എന്നിവരൊപ്പം - ദൈവസുതൻ ആശ്വാസമവർക്കേകീടും". ഒരു ഗീതത്തിന്റെ രണ്ടാം ഭാഗമാണിത്. ആദ്യ വരി തെരഞ്ഞെടുക്കുക.**

<u>**A) ദൈവസുതന്മാരായിടുവാൻ**</u>
B) ദൈവത്തെ പെറ്റൊരു മാതാവാം
C) അഖിലം ഞാൻ ആരാഞ്ഞിട്ടും
D) യജമാനൻ വരുമന്നേരത്ത്

**29) ഒരു കുക്കിലിയോനിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**

<u>**A) മാനീസാ**</u>
B) കോലോ
C) സങ്കീർത്തനഭാഗം
D) എക്ബോ

**30) റോമൻ സാമ്രാജ്യത്തിൽ ക്രിസ്തീയ സഭ വ്യാപിക്കുന്നതിന് സഹായകരമായ ഏറ്റവും ശരിയായ ഓപ്ഷൻ തിരഞ്ഞെടുക്കുക.**

**A) ഇവയെല്ലാം ശരിയാണ്**
B) മികച്ച ഗതാഗത സംവിധാനം
C) മികച്ച വാർത്താവിനിമയ സൗകര്യങ്ങൾ
D) പ്രദേശങ്ങൾ തമ്മിലുള്ള സഹകരണം

**31) ക്രിസ്തീയ സഭയിൽ യഹൂദന്മാരുടെ ജീവിതശൈലിയിൽ നിന്നും ലഭിച്ച സ്വാധീനം ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും തെരഞ്ഞെടുക്കുക.**
**i. സിനഗോഗിൽ ആരാധനയ്ക്ക് പങ്കെടുക്കുന്നു**
**ii. ബഹുദൈവത്തിൽ വിശ്വസിക്കുന്നു**
**iii. വികലമായ സദാചാരബോധം നിലനിർത്തുന്നു**
**iv. വിശുദ്ധ ഗ്രന്ഥം പാരായണം ചെയ്യുന്നു**
**A) i, iv**
B) i, ii, iii, iv
C) ii, iv
D) i, iii, iv

**32) കേരളത്തിലെ എക്യുമെനിക്കൽ ദേവാലയം സ്ഥിതിചെയ്യുന്നത് എവിടെയാണ്?**
**A) നിലയ്ക്കൽ**
B) നിരണം
C) കൊല്ലം
D) കൊടുങ്ങല്ലൂർ

**33) കേരളത്തിനു പുറത്ത് മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ദേവാലയം എവിടെയാണ് സ്ഥിതി ചെയ്യുന്നത്?**
**A) തിരുവിതാംകോട്**
B) നാഗപട്ടണം
C) വേളാങ്കണ്ണി
D) പളനി

**34) പിതാവാം ദൈവത്തിന്റെ സ്വർഗീയ സിംഹാസനത്തിനും അറക്കപ്പെട്ട കുഞ്ഞാടിനും ചുറ്റും നിൽക്കുന്ന മൂപ്പന്മാരുടെ എണ്ണം എത്ര?**
**A) 24**
B) 8
C) 12
D) 72

**35) സ്ലീബാ പ്രഭാത നമസ്കാരത്തിൽ ആലപിക്കുന്ന ഒരു ഗീതം തെരഞ്ഞെടുക്കുക.**
**A) നിഷ്ഠയിൽ നിന്നെപ്പെറ്റ**
B) തൻ മൃതിയാലഴകാകെ നശിപ്പിക്കും
C) ഉടയോൻ നാഥാ, ഗിരിസീനാ നിൻ
D) വാനിലുമൂഴിയിലേദനിലും

**36) സ്വർഗ്ഗത്തിൽ നടക്കുന്ന നിത്യാരാധനയുടെ ഭൗമികമായ നിഴൽ ഏതാണ്?**
**A) വിശുദ്ധ കുർബാന**
B) നരകം
C) നേർച്ചകൾ
D) ആത്മീയ നിഷ്ഠകൾ

**37) വിശുദ്ധ കുർബാനയിലെ പഴയ നിയമ വായനകൾക്കും പുതിയ നിയമ വായനകൾക്കും ഇടയിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) 'യാചിക്കേണ്ടും സമയമിതാ' എന്ന ഗീതം**

B) ‘നിൻ മാതാവ് വിശുദ്ധന്മാർ’ എന്ന മാനീസാ
C) ‘ദൈവമേ നീ പരിശുദ്ധനാകുന്നു’ എന്ന പ്രാർത്ഥന
D) ‘വെളിവു നിറഞ്ഞോരീശോ’ എന്ന ഗീതം

**38) ‘ഏവൻഗേലിയോൻ’ എന്ന വാക്കിന്റെ അർത്ഥം എന്താണ്?**
<u>**A) സുവിശേഷം**</u>
B) ബലിയർപ്പണം
C) പ്രാർത്ഥന
D) ശ്രദ്ധിക്കുക

**39) വിശുദ്ധ കൂദാശകളെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
<u>**A) കൂദാശകളുടെ എണ്ണം ഏഴ് എന്ന് പൗരസ്ത്യ സഭകൾ നിശ്ചയിച്ചിരിക്കുന്നു**</u>
B) കൂദാശകൾ സഭയോടൊപ്പം നമ്മുടെ ആത്മീയ വളർച്ചയെ സഹായിക്കുന്നു
C) വിശ്വാസികൾ ഏവരും ഒന്നു ചേർന്ന് അനുഷ്ഠിക്കുന്നു
D) കൂദാശകളിലൂടെ ആത്മീയ വളർച്ചയ്ക്ക് ആവശ്യമായ പിന്തുണ സഭ നൽകുന്നു

**40) പരിശുദ്ധ സഭയിലെ പ്രത്യേക വൈദിക ഗണത്തിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
<u>**A) അൽമായർ**</u>
B) ശെമ്മാശൻ
C) കശ്ശീശ
D) എപ്പിസ്കോപ്പാ

**41) ലോകത്തെ രൂപാന്തരപ്പെടുത്തുന്നതിന് കൃപാവരങ്ങൾ നമുക്ക് നൽകുന്നത് ആര്?**
<u>**A) പരിശുദ്ധാത്മാവ്**</u>
B) വിശുദ്ധന്മാർ
C) വിശുദ്ധ ഗ്രന്ഥം
D) സഭാപാരമ്പര്യം

**42) പൗരസ്ത്യ ഓർത്തഡോക്സ് അടിസ്ഥാനത്തിൽ ആത്മീയതയുടെ അടയാളം എന്താണ്?**
<u>**A) ദൈവത്തോടും മനുഷ്യരോടും ഒരുപോലെയുള്ള ബന്ധം**</u>
B) ലോകത്തിൽ നിന്നും പൂർണ്ണമായി അകന്നു നിൽക്കൽ
C) സഭാ പാരമ്പര്യത്തിൽ നിന്നും മാറി വിശുദ്ധ ഗ്രന്ഥത്തിന്റെ പാരമ്പര്യത്തിലേക്ക് കടന്നുവരുന്നത്
D) ഇവയെല്ലാം ശരിയാണ്

**43) സന്യാസികൾ പരിശുദ്ധ സഭയ്ക്ക് നൽകിയിട്ടുള്ള സംഭാവനകളിൽ ഉൾപ്പെടുന്നത് തിരഞ്ഞെടുക്കുക.**
<u>**A) ആരാധനാക്രമങ്ങൾ ചിട്ടപ്പെടുത്തുകയും തർജ്ജമ ചെയ്യുകയും ചെയ്തു**</u>
B) വേദ വിപരീതങ്ങൾക്ക് ശക്തമായ പിന്തുണ നല്കി
C) സഭയെ ആഡംബരത്തിലേക്ക് നയിച്ചു
D) സഭയുടെ ആരാധനക്രമങ്ങൾ ചുരുക്കി ചിട്ടപ്പെടുത്തി

**44) ഈജിപ്തിലെ വിശുദ്ധ അന്തോനിയോസിനെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
<u>**A) പരിശുദ്ധ പൗലോസ് ശ്ലീഹായുടെ സമകാലീനനായിരുന്നു**</u>
B) സങ്കീർത്തനങ്ങൾ ഉരുവിട്ട് പ്രവർത്തികൾ ചെയ്തു
C) തീവ്രമായ സന്യാസ ജീവിതം നയിച്ചു
D) ലോകത്തിന്റെ ദുഃഖങ്ങളിൽ നിന്നും ആകുല ചിന്തകളിൽ നിന്നും സ്വയം വിട്ടുനിന്നു

**45) തന്റെ സന്യാസ ആശ്രമ ശൈലിയിലേക്ക് വ്യക്തികളെ സ്വീകരിക്കുമ്പോൾ വിശുദ്ധ പക്കോമിയോസ് ശ്രദ്ധിച്ചിരുന്ന കാര്യങ്ങൾ തിരഞ്ഞെടുക്കുക.**

**A) ഇവയെല്ലാം ശരിയാണ്**

B) ആത്മാർത്ഥതയെ പരിശോധിക്കും

C) സന്യാസിയാകാനുള്ള തീരുമാനത്തെ പരിശോധിക്കും

D) ലോകത്തോടുള്ള അകലം പാലിക്കലിനെ പരിശോധിക്കും

**46) കാരുണ്യ പ്രവർത്തനങ്ങൾ, പ്രബോധന ശുശ്രൂഷ, വേദശാസ്ത്ര അന്വേഷണം എന്നിവയിലൂടെ 'സഭാരത്നം' എന്ന ആദരവ് ഏറ്റുവാങ്ങിയ മലങ്കര സഭയിലെ മെത്രാപ്പോലീത്താ ആരാണ്?**

**A) ഗീവർഗീസ് മാർ ഒസ്താത്തിയോസ്**

B) പൗലോസ് മാർ കൂറീലോസ്

C) മാത്യൂസ് മാർ പക്കോമിയോസ്

D) തോമസ് മാർ സേവേറിയോസ്

**47) താഴെപ്പറയുന്നവയിൽ തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**

**A) എല്ലാവരെയും സ്നേഹിക്കുവാൻ നമുക്ക് കഴിയാത്തതിനാൽ നമ്മെ സ്നേഹിക്കുന്നവരെ കൂടുതൽ സ്നേഹിക്കണം**

B) ത്യാഗബുദ്ധിയോടുകൂടിയുള്ള ശുശ്രൂഷയാണ് വിലയുള്ളത്

C) ത്യാഗമില്ലാത്ത സ്നേഹം യഥാർത്ഥ സ്നേഹമാകുകയില്ല

D) സ്നേഹം ദുർബലമാകുന്നത് ത്യാഗമില്ലാത്തതിനാലാണ്

**48) യിസ്രായേൽ ജനത്തിന് ദൈവം പത്ത് കൽപ്പനകൾ നൽകിയത് ആര് മുഖാന്തരമാണ്?**

**A) മോശ**

B) ഏലിയാവ്

C) അബ്രഹാം

D) യേശുക്രിസ്തു

**49) കുറ്റാന്വേഷണ വകുപ്പും നീതിന്യായ കോടതികളും ആവശ്യമായി വരുന്നത് എന്തുകൊണ്ട്?**

**A) നിയമലംഘനങ്ങൾ ഉള്ളതിനാൽ**

B) നിയമം എല്ലാവരെയും പഠിപ്പിക്കാത്തതിനാൽ

C) നിയമങ്ങൾ കൃത്യമായി നിർവചിക്കാത്തതിനാൽ

D) നിയമങ്ങൾ എല്ലാവരുടെ മേലും അടിച്ചേൽപ്പിക്കുവാൻ കഴിയാത്തതിനാൽ

**50) "മോറാൻ യേശു മശിഹാ" എന്ന് തുടങ്ങുന്ന പ്രാർത്ഥന ചൊല്ലുന്ന സന്ദർഭം ഏതാണ്?**

**A) സന്ധ്യാ നമസ്കാരം**

B) മൂന്നാം മണി നമസ്കാരം

C) കുർബാനാനന്തര ശുശ്രൂഷ

D) ഏവൻഗേലിയോൻ വായനയ്ക്ക് മുൻപ്